**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 364** **09-08-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശീയരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, ഉപജീവനം, തൊഴിൽ സുരക്ഷ തുടങ്ങിയ കാര്യങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനു വേണ്ടി നടത്തിയ പാരിസ്ഥിതിക - സാമൂഹിക ആഘാത പഠന റിപ്പോർട്ടിൽ, പദ്ധതി മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാവുന്ന വിഭാഗങ്ങൾക്കുള്ള ജീവനോപാധി നഷ്ടപരിഹാരത്തേയും പുനരധിവാസത്തേയും കുറിച്ച് വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവരുടെ പുനരധിവാസത്തിനുമായി വിശദമായ പാക്കേജ് തയ്യാറാക്കുന്നതിന് തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC) യും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റിയും രൂപീകരിച്ചിരുന്നു. ടി കമ്മറ്റി ചുമതലപ്പെടുത്തിയ സബ് കമ്മറ്റി രേഖാപരിശോധനയും സ്ഥല പരിശോധനയും നടത്തി അർഹരാണെന്ന് കണ്ടെത്തിയവർക്ക് സർക്കാർ നഷ്ടപരിഹാരം നൽകി വരുന്നു. ഈ കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് പദ്ധതി പ്രദേശത്തെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി 12,50,000/- രൂപ വീതവും കരച്ചിപ്പി ത്തൊഴിലാളികൾക്ക് 2,00,000/- രൂപ വീതവും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപ വീതവും ആകെ 262 പേർക്ക് 12.35 കോടി രൂപയും, കരമടിത്തൊഴിലാളികൾക്ക് 5,60,000/- രൂപ വീതം 900 പേർക്ക് 52.61 കോടി രൂപയും അനുവദിച്ചു നല്കി. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി അധിക ദൂരം പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 23.02 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് |

| | | | |
|---|---|---|---|
| | | | തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപയും നാല് സ്വയം സഹായ സംഘങ്ങളിലെ 33 ഗുണഭോക്താക്കൾക്ക് 8 ലക്ഷം രൂപയും അനുവദിച്ചു നല്കി. ഇപ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരമായി 94.14 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു. ഇനിയും നിലവിലുള്ള അപ്പീലുകൾ പരിശോധിക്കുന്നതിന് പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി നടപടി സ്വീകരിച്ചു വരുന്നു. അവർ നല്കുന്ന ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) | 2015-ൽ വിഴിഞ്ഞം ഉറമുഖ കമ്പനി സമർപ്പിച്ച ഉപജീവന ആഘാത നിർണയ സമിതി റിപ്പോർട്ടിലുൾപ്പെട്ട നഷ്ടപരിഹാര പുനരധിവാസ പാക്കേജിലെ ഏതൊക്കെ കാര്യങ്ങളാണ് ഇതിനകം നടപ്പിലാക്കിയത്; വ്യക്തമാക്കുമോ; | (ബി) | വിഴിഞ്ഞം ഉറമുഖത്തിന്റെ നിർമ്മാണത്തിനു വേണ്ടി നടത്തിയ പാരിസ്ഥിതിക - സാമൂഹിക ആഘാത പഠന റിപ്പോർട്ടിൽ, പദ്ധതി മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാവുന്ന വിഭാഗങ്ങൾക്കുള്ള ജീവനോപാധി നഷ്ടപരിഹാരത്തേയും പുനരധിവാസത്തേയും കുറിച്ച് വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവരുടെ പുനരധിവാസത്തിനുമായി വിശദമായ പാക്കേജ് തയ്യാറാക്കുന്നതിന് തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC) യും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റിയും രൂപീകരിച്ചിരുന്നു. ടി കമ്മറ്റി ചുമതലപ്പെടുത്തിയ സബ് കമ്മറ്റി രേഖാപരിശോധനയും സ്ഥല പരിശോധനയും നടത്തി അർഹരാണെന്ന് കണ്ടെത്തിയവർക്ക് സർക്കാർ നഷ്ടപരിഹാരം നൽകി വരുന്നു. ഈ കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് പദ്ധതി പ്രദേശത്തെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി 12,50,000/- രൂപ വീതവും കരച്ചിപ്പി ത്തൊഴിലാളികൾക്ക് 2,00,000/- രൂപ വീതവും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപ വീതവും ആകെ 262 പേർക്ക് 12.35 കോടി രൂപയും, കരമടിത്തൊഴിലാളികൾക്ക് 5,60,000/- രൂപ വീതം 900 പേർക്ക് 52.61 കോടി രൂപയും അനുവദിച്ചു നല്കി. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി അധിക ദൂരം പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 23.02 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപയും നാല് സ്വയം സഹായ സംഘങ്ങളിലെ 33 ഗുണഭോക്താക്കൾക്ക് 8 ലക്ഷം രൂപയും അനുവദിച്ചു നല്കി. ഇപ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരമായി 94.14 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു. ഇനിയും നിലവിലുള്ള അപ്പീലുകൾ പരിശോധിക്കുന്നതിന് പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി നടപടി സ്വീകരിച്ചു വരുന്നു. അവർ നല്കുന്ന ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | തുറമുഖ നിർമ്മാണത്തിന്റെ ഫലമായി മത്സ്യബന്ധനത്തിനിടെ അപകടങ്ങൾ സംഭവിക്കുന്നത് തടയുന്നതിന് ശാശ്വത നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (സി) | വിഴിഞ്ഞത്ത് നിർമ്മാണത്തിലിരിക്കുന്ന തുറമുഖം ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയതിന് ശേഷമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈയിടെയുണ്ടായ ചുഴലിക്കാറ്റുകളും തുടർന്ന് ഉണ്ടായ ഉയർന്ന തിരമാലകളും കാരണം ബോട്ടുകൾക്ക് നിയന്ത്രണം നഷ്ടപ്പെട്ട് അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് തുറമുഖ നിർമ്മാണം മൂലം സംഭവിച്ചതല്ലെന്നാണ് പ്രാഥമിക പഠനങ്ങൾ കാണിക്കുന്നത്. ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ